1986-ൽ ആരംഭിച്ച മത്സ്യഫെഡിന്റെ മത്സ്യബന്ധനോപകരണ പദ്ധതി ഗ്രൂപ്പടിസ്ഥാനത്തിൽ തൊഴിലാളികളെ മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകളാക്കി പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിക്കുകയുണ്ടായി.

പിന്നീട് മത്സ്യഫെഡ് ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് ഉപകരണ സുരക്ഷാ സ്കീം നടപ്പിലാക്കി. ഈ പദ്ധതിയിൽ തൊഴിലാളികളിൽ നിന്നും ഈടാക്കേണ്ട പ്രീമിയം തുക വളരെ കുറവായിരുന്നു. പക്ഷേ, ഇൻഷ്വറൻസ് കമ്പനി ക്ലെയിം തീർപ്പുകല്പിക്കുന്ന കാര്യത്തിൽ ഗൗരവമായ വീഴ്ച വരുത്തുകയും തൊഴിലാളികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം നഷ്ട പരിഹാരത്തുക ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് സ്വന്തമായി മത്സ്യബന്ധന ഉപകരണ സുരക്ഷാ സ്കീം തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കുകയും സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ 2002-ൽ പദ്ധതി ആരംഭിക്കുകയും ചെയ്തത്. ഈ പദ്ധതിപ്രകാരം മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകളായ തൊഴിലാളികളിൽ നിന്നും ഉപകരണങ്ങളുടെ വിലയുടെ 4% തുക മാത്രമാണ് പ്രീമിയം അടയ്ക്കേണ്ടത്. സംയോജിത മത്സ്യവികസന പദ്ധതി വായ്പ പ്രകാരം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ 2% പ്രീമിയം സർക്കാർ സബ്സിഡിയായി ലഭിക്കും.

(ബി) ഇൻഷ്വർ ചെയ്യപ്പെടുന്ന മത്സ്യബന്ധനോപകരണങ്ങളിൽ ഇലക്ട്രോണിക് ചിപ്പുകൾ സ്ഥാപിക്കുന്നതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ച് ഒരു വിദഗ്ദ്ധ പഠനം നടത്തിയതിനുശേഷം പരിഗണിക്കാവുന്നതാണ്.

തണൽ പദ്ധതി

102 (7665) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള തണൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; പ്രസ്തുത പദ്ധതിയിലേക്ക് മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര അപേക്ഷ തീർപ്പാക്കി ; ഇനിയും തീർപ്പാക്കാത്ത അപേക്ഷകൾ എത്ര ;

(സി) തീർപ്പാക്കപ്പെടാത്ത അപേക്ഷകളുടെ വിവരം മത്സ്യഗ്രാമം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ അംഗത്വമുള്ളവരും വിഹിത കുടിശ്ശികയില്ലാത്തവരും മത്സ്യത്തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചറിയൽ കാർഡ് നൽകുന്നതിനായി വിവരം നൽകിയിട്ടുള്ളവരും ബാങ്ക് അക്കൗണ്ട് നൽകിയിട്ടുള്ളവരുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും 1350 രൂപ വാർഷിക ധനസഹായം ലഭിക്കുന്ന പദ്ധതിയാണ്. ധനസഹായം ബാങ്ക് വഴിയാണ് നൽകുന്നത്.

(ബി) തണൽ പദ്ധതിപ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽനിന്ന് 6222 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 6120 പേർക്ക് പദ്ധതി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 102 പേർക്ക് വിവിധ കാരണങ്ങളാൽ (പ്രധാനമായും ബാങ്ക് അക്കൗണ്ട് നൽകാത്തവർ) നൽകിയിട്ടില്ല.

(സി) ബാങ്ക് അക്കൗണ്ടിലുള്ള ന്യൂനത കാരണം 102 അപേക്ഷകർക്ക് ധനസഹായം നൽകിയിട്ടില്ല. ന്യൂനത പരിഹരിച്ച് തിരികെ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. ധനസഹായം ലഭിക്കാത്ത വരുടെ മത്സ്യഗ്രാമം തിരിച്ചകണക്ക് താഴെ ചേർക്കുന്നു :

മത്സ്യഗ്രാമം	അപേക്ഷകരുടെ എണ്ണം
വൻമുഖം കടലൂർ	2
തിക്കോടി	6
കൊയിലാണ്ടി	12
എടക്കടവ്	20
ഏഴുകുടിക്കൽ	18
വലിയമങ്ങാട്	24
വിരുന്നുകണ്ടി	20
ആകെ	102

കൊടകര ബ്ലോക്ക് പഞ്ചായത്തിലെ തണൽ പദ്ധതി

103 (7666) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടകര ബ്ലോക്ക് പഞ്ചായത്തിൽ 60 വയസ്സ് കഴിഞ്ഞ മുഴുവൻ പേരെയും ഉൾപ്പെടുത്തിക്കൊണ്ട് "തണൽ" എന്ന പദ്ധതി നടപ്പിലാക്കി വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശ്രദ്ധേയമായ ഈ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ (സി.ഡി.പി.ഒ.) സമ്മതിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഏറെ പ്രധാനപ്പെട്ട പദ്ധതിയായ 'തണൽ' നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഫിഷറീസ് വകുപ്പ് ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിച്ചതും ബയോമെട്രിക് കാർഡിന് വിവര ശേഖരണം നൽകിയതുമായ 60 വയസ്സ് കഴിഞ്ഞ പെൻഷൻ ലഭിക്കാത്തവർക്ക് 1350 രൂപ വാർഷിക ധനസഹായമായി നൽകുന്ന 'തണൽ പദ്ധതി' നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly